കേരള സർക്കാർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# ഐക്കരനാട് ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം

e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെഎസ്എ-ഇകെഎം(പി 1)2318/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-68203
ഫോൺ : 0484 2422271
ഇ മെയിൽ : doekm.ksad@kerala.gov.in

തീയതി : 07.12.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ,
ഐക്കരനാട് ഗ്രാമപഞ്ചായത്ത്
(സെക്രട്ടറി മുഖേന)
സർ,

വിഷയം :ഐക്കരനാട് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3 ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നം.കെഎസ്എ-ഇകെഎം(പി 1)2318/2018 തീയതി : 07.12.2018

## എറണാകുളംജില്ലയിലെ ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 04.07.2017 മുതൽ 14.10.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തതിനു ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.ജയ. സി.ആർ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തിയതി | 5.11.2018 മുതൽ 16.11.2018 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| പേര് | ഉദ്യോഗപ്പേര് |
| ശ്രീ.അജിതൻ ടി.എൻ. | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| ശ്രീമതി.ബബിത ബി. കുമാർ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.കവിത എസ്.കണ്ണൻ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. പ്രവീൺ വി.എൻ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ.കെ.രാജു | 1.4.2017 | 31.3.2018 |
| വൈസ് പ്രസിഡന്റ് | ശ്രീമതി. പത്മാവതി അമ്മ | 1.4.2017 | 31.3.2018 |
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ് | | | |

| | | | |
|---|---|---|---|
| വികസന കാര്യം | ശ്രീ. വർഗ്ഗീസ് എൻ. കെ. | 1.4.2017 | 31.3.2018 |
| ക്ഷേമകാര്യം | ശ്രീമതി. മിനി സണ്ണി | 1.4.2017 | 31.3.2018 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീ. ജോസ് ജേക്കബ് | 1.4.2017 | 31.3.2018 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീ.അബ്ദുൾ സമദ് പി. എം. | 1.4.2017 | 21.7.2017 |
| | ശ്രീമതി. ബിന്ദു ആർ. | 22.7.2017 | 31.3.2018 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. ഇ.എസ്. ഷീല | 1.4.2017 | 18.6.2017 |
| | രശ്മി എസ്. | 19.6.2017 | 31.3.2018 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ജയ മരിയ ജോസഫ് | 1.4.2017 | 28.10.2017 |
| | ശ്രീമതി. അഞ്ചു | 29.10.17 | 31.3.2018 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി, കടയിരുപ്പ് | ഡോ. രാജലക്ഷ്മി | 01.04.2017 | 31.3.2018 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ജോബി വർഗ്ഗീസ് | 01.04.2017 | 31.3.2018 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. രാധാമണി | 01.04.2017 | 31.3.2018 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (കടയിരുപ്പ്) | രാകേഷ് നായർ | 01.04.2017 | 04.10.2017 |
| | അനൂപ് പോൾ | 05.10.2017 | 31.03.2018 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (കോലഞ്ചേരി) | ശിവൻ പി.കെ. | 01.04.2017 | 31.03.2018 |
| വെറ്റിനറി സർജൻ | ഡോ. സിമില്ല പി. ജോർജ് | 01.04.2017 | 31.03.2018 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ബിജിലി എസ് ദിനേശ് | 01.04.2017 | 06.08.2017 |
| | ശ്രീ. ദിനേശ് ടി.എം. | 07.08.2017 | 31.03.2018 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. റഫീന ബീവി എം.എം | 01.04.2017 | 31.03.2018 |
| ഹെഡ്മിസ്ട്രസ്, GLPS വെമ്പിള്ളി | ശ്രീമതി.കുസുമം എൻ.എം. | 01.04.2017 | 31.03.2018 |

ഉള്ളടക്കം

| ഭാഗം 1 | | | |
|---|---|---|---|
| ക്രമ നം. | പൊതു അവലോകനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | ധനകാര്യ പത്രികയിലെ അപാകതകൾ | 1-12 | |
| 13 | ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക തിരിച്ചടച്ചത് | 1-13 | |
| ഭാഗം 2 | | | |
| 14 | വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത | 2-1 | |
| 15 | തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് | 2-2 | |
| ഭാഗം- 3 | | | |
| 16 | മഴക്കാല പൂർവ ശുചീകരണം- ചെലവ് രേഖകൾ ഹാജരാക്കിയില്ല | 3-1 | |
| 17 | എസ്.സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ – ക്വട്ടേഷൻ അംഗീകരിച്ചതിൽ അപാകത | 3-2 | |

| | | | |
|---|---|---|---|
| 18 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവഹണം നടത്തിയ പ്രോജക്ടുകൾ- അപാകത | 3-3 | |
| 19 | വക്കീൽ ഫീസിൽ നിന്നും ആദായനികുതി കുറവ് ചെയ്തില്ല | 3-4 | |
| 20 | ഇന്ദ്രാൻ ചിറ ടൂറിസം പദ്ധതി | 3-5 | |
| 21 | വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല | 3-6 | |
| 22 | കരാർ പ്രകാരമുള്ള പേവിംഗ് ടൈൽ ഉപയോഗിച്ചില്ല | 3-7 | |
| 23 | അലോട്ട് മെന്റ് അധികം കൈപ്പറ്റി- ബാക്കി തുക തിരികെ നൽകിയില്ല | 3-8 | |
| ഭാഗം 4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | | |
| 24 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 25 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 | |
| 27 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 28 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 29 | ഓഡിറ്റ് റിക്കവറി | 4-6 | |
| 30 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 31 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 | |
| 34 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 | |

| | | | |
|---|---|---|---|
| 35 | വാർഷിക കണക്കുകളിലെ അപാകതകൾ | അനുബന്ധം.2 | |
| 36 | ബാലൻസ് ഷീറ്റ് | അനുബന്ധം.3 | |
| | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം.4 | |
| | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.5 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2017-18 ലേക്കുള്ള ബജറ്റ് 16.3.2017 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 17.3.2018 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2017-2018 | 31.07.2018 | 17.05.2018 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2017-18 | 21.6.2018 & 22.6.2018 | KSA- EKM (PG)1786(1) /18 /30.08.2018 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*)*

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 29309595.25 |
| വരവ് | 72260099.00 |
| ആകെ | 101569694.25 |
| ചെലവ് | 69016911.00 |
| നീക്കിയിരിപ്പ് | 32552783.25 |

# 1-5 ഫണ്ട് വിനിയോഗം

ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി (RP40B) | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 9977000 | 9977000 | 8708387 | 0 | 1268613 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 7013714 | 7013714 | 5375363 | 0 | 1638351 |
| വികസന ഫണ്ട് (ടി. എസ്. പി) | 0 | 167932 | 167932 | 0 | 0 | 167932 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 16476503 | 16476503 | 11886956 | 0 | 4589547 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 4308418 | 4308418 | 3847502 | 0 | 460916 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 4785078 | 4785078 | 4056802 | 0 | 728276 |
| കെ. എൽ. എസ്. ജി. ഡി. പി | 0 | 5307674 | 5307674 | 3561739 | 0 | 1745935 |
| എം.എൻ.ആർ.ഇ. ജി.എസ്. | 14237 | 560329 | 574566 | 525849 | 48717 | 0 |
| ദുരിതാശ്വാസ നിധി | 43463 | 58252 | 101715 | 81500 | 20215 | 0 |
| ട്രഷറി ടി. എസ്. ബി. ജോയിന്റ് വെഞ്ചർ | 0 | 1150000 | 1150000 | 1150000 | 0 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി) | 9270036 | 7246000 | 16516036 | 16475029 | 41007 | 0 |
| ട്രഷറി | 1266864.89 | 1700733 | 2967597.89 | 491187 | 2476410.89 | 0 |
| മറ്റു ഫണ്ടുകൾ | 0 | 275000 | 275000 | 0 | 275000 | 0 |
| തനത് ഫണ്ട് | 17903694.33 | 23468272 | 41371966.33 | 12175933 | 29196033.33 | 0 |
| സാക്ഷരത | 2822.70 | 109 | 2931.70 | 0 | 2931.70 | 0 |
| ശുചിത്വ മിഷൻ | 324000 | 108000 | 432000 | 140000 | 292000 | 0 |
| സമ്പൂർണ്ണ ശുചിത്വം | 255000 | 96474 | 351474 | 255000 | 96474 | 0 |
| ലൈബ്രറി ഗ്രാന്റ്/ ഹഡ്കോ | 58095.33 | 1033 | 59128.33 | 31400 | 27728.33 | 0 |
| ബി. ഫണ്ട് | 0 | 82800 | 82800 | 82800 | 0 | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്. (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്. (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 229 | 83226332 | 136 | 46156149 | 73 | 20 | 59.39 |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 14237 | 560329 | 574566 | 525849 | 48717 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 3950000 | 3950000 | 3950000 | 0 |
| ആകെ | 14237 | 4510239 | 4524566 | 4475840 | 48717 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 14880 | 27 |
| കർഷകതൊഴിലാളി പെൻഷൻ | 4298100 | 382 |
| വിധവാപെൻഷൻ | 7732000 | 668 |
| വാർദ്ധക്യകാല പെൻഷൻ | 11014000 | 906 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 1710400 | 153 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 336500 | 38 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 30000 | 1 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.11.2018 ന് അസിസ്റ്റന്റ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8848 /- രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1.വസ്തു നികുതി

വസ്തു നികുതി പിരിവ് ഊർജിതമാക്കുന്നതിന് വേണ്ടി വാർഡ് തലത്തിൽ ഡിമാന്റ് നോട്ടീസ് കൊടുക്കുന്നതിന് 27.9.2017 ൽ പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുക്കുകയുണ്ടായി. 21.10.2017ൽ വീണ്ടും ഇക്കാര്യത്തിലെ പുരോഗതി വിലയിരുത്തുകയും കാര്യക്ഷമമായ നടപടികൾ തുടരുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി മുൻ വർഷത്തെ അപേക്ഷിച്ച് വസ്തു നികുതിയിനത്തിൽ തൻവർഷത്തേയും കുടിശ്ശിക തുകയും പരമാവധി പിരിച്ചെടുക്കുന്നതിന്

പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

2. ഡി. & ഒ. ലൈസൻസ്

ഡി. & ഒ. ലൈസൻസിന്റെ കാര്യത്തിൽ കൃത്യമായ കണക്കുകൾ തയ്യാറാക്കുന്നതിനു വേണ്ടി ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങളെ കണ്ടെത്തുന്നതിനു വേണ്ടി വിവര ശേഖരണം നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ഇതിനു വേണ്ടി പ്രത്യേക അദാലത്ത് നടത്തി തുടർ നടപടികളെടുക്കുന്നതിനും പഞ്ചായത്ത് കമ്മറ്റിയുടെ 28.6.2017 ലെ 24(1) പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. നിശ്ചിത ഇടവേളകളിൽ ഇപ്രകാരം അദാലത്ത് നടത്തുന്നത് വഴി ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാൻ കഴിയുന്നതാണ്.

3. പൊതുമരാമത്ത്

a) ഇ ടെണ്ടറുകളുടെ അബ്സ്ട്രാക്ട് ഫയലിൽ സൂക്ഷിക്കുന്നില്ല. ഇതിന്റെ അഭാവത്തിൽ കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത കരാറുകാരനെ നിശ്ചയിച്ചതിന്റെ കൃത്യത പരിശോധിക്കുവാൻ ബുദ്ധിമുട്ടാണ്. മാത്രവുമല്ല ടെണ്ടറിൽ എത്ര പേർ പങ്കെടുത്തു എന്നത് വിലയിരുത്തുന്നതിനും കഴിയാതെ പോകുന്നു. ഇത് ഫയലിൽ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

b) ടെണ്ടറുകൾ റീ ടെണ്ടർ ചെയ്യുമ്പോൾ ആയതിന്റെ വിവരം ഫയലിൽ രേഖപ്പെടുത്തുന്നില്ല. റീ ടെണ്ടർ ചെയ്യുമ്പോൾ ആയതിന്റെ കാര്യകാരണസഹിതം ഫയലിൽ രേഖപ്പെടുത്തേണ്ടതാണ്.

c) ഇ.എം.ഡി. തിരികെ നൽകുന്നത് ഫയലിലോ മറ്റ് രജിസ്റ്ററുകളിലോ രേഖപ്പെടുത്തുന്നില്ല. പ്രവൃത്തി ലഭിക്കാത്ത കരാറുകാർക്ക് തിരികെ നൽകുന്ന ഇ.എം.ഡി. രജിസ്റ്ററിലോ ഫയലിലോ രേഖപ്പെടുത്താത്തത് കാരണം ഇവ തിരികെ നൽകിയിട്ടുണ്ടോയെന്ന് പരിശോധിക്കാൻ കഴിയുന്നില്ല. ഒരു ഫയലിലെ മുഴുവൻ വിവരങ്ങളും ആ ഫയലിൽ തന്നെ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

d) ട്രഷറി / ബാങ്ക് അക്കൗണ്ടിലെ തുക പഞ്ചായത്ത് കണക്കുകളിൽ വരാത്തത്.

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ട്രഷറി അക്കൗണ്ട് നം. 799011400001931 ൽ 28.9.2017 ൽ 108056/- രൂപയും 23.8.2018 ൽ നീക്കിയിരുപ്പായി 107056/- രൂപയുണ്ട്. 28.9.2017 -ന് മുൻപുള്ള പാസ് ബുക്ക് പരിശോധനക്ക് ലഭിച്ചില്ല. ഈ അക്കൗണ്ടിൽ നീക്കിബാക്കിയുടെ ആവശ്യമില്ല. ബാലൻസ് തുക വരാനിടയായ സാഹചര്യം വിശദീകരിക്കേണ്ടതാണ്. കണക്കുകൾ പരിശോധിച്ച് ബാലൻസ് തുക സർക്കാറിലേക്ക് തിരിച്ചടക്കേണ്ടതാണ്.

എസ്.ബി.ടി.

അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ എസ്.ബി.ടി. കടയിരുപ്പ് ബ്രാഞ്ചിൽ ഒരു അക്കൗണ്ട് ഉണ്ട്. (നം 67328794685). ഈ അക്കൗണ്ടിൽ 7.4.2018 ൽ 57911/- രൂപയുണ്ട്. ഈ തീയതിയ്ക്കു ശേഷം പാസ്ബുക്ക് അപ്ഡേറ്റ് ചെയ്തിട്ടില്ല. പാസ്ബുക്ക് അപ്ഡേറ്റ് ചെയ്യുകയും ബാക്കിയുള്ള തുക ഈ അക്കൗണ്ടിൽ മറ്റു ഇടപാടുകളൊന്നും നടക്കാത്തതിനാൽ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. എപ്രകാരമാണ് അക്കൗണ്ടിൽ ബാലൻസ് തുക വന്നത് എന്ന് പരിശോധിക്കേണ്ടതുമാണ്.

4. മോണിറ്ററിംഗ്

ഏതൊരു പ്രൊജക്ടിന്റേയും ജയപരാജയങ്ങൾ വിലയിരുത്തുന്നത് കൃത്യമായ മോണിറ്ററിംഗിലൂടെയാണ്. പഞ്ചായത്തിലെ പ്രൊജക്ടുകളുടെ മോണിറ്ററിംഗ് കൃത്യമായി നടപ്പിലാക്കുന്നില്ല. പ്രൊജക്ടുകളിൽ കൃത്യമായി മോണിറ്ററിംഗ് നടത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 29.10.2018 | 09/ 2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 13.7.2016 | 2011-12 മുതൽ 2015-16 വരെ | 6.9.2016 |

## 1-12 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

സാക്ഷ്യ പത്രത്തിൽ ഉൾപ്പെടുത്തിയവയൊഴികെ മറ്റു അപാകതകളൊന്നും ശ്രദ്ധയിൽ പ്പെട്ടില്ല.

## 1-13 ഓഡിറ്റ് എൻക്വയറിയെ തുടർന്ന് തുക തിരിച്ചടച്ചത്

ഓഡിറ്റ് എൻക്വയറിയെ തുടർന്ന് താഴെ കൊടുത്തിരിക്കുന്ന പ്രകാരം തുക തിരിച്ചടച്ചിട്ടുണ്ട്.

| ഓഡിറ്റ് എൻക്വയറി നം. | ഇനം | തിരിച്ചടച്ച തുക | ചലാൻ നമ്പർ/ തിയതി |
|---|---|---|---|
| 6 | സബ് സിഡി അധികം നൽകിയത് | 690 | 14.11.2018 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത

കടയിരുപ്പ് സെന്റ് പീറ്റേഴ്സ് സീനിയർ സെക്കന്ററി സ്കൂൾ (അൺ എയ്ഡഡ്-CBSE സ്കൂൾ) കോമ്പൗണ്ടിൽ മറ്റു കെട്ടിടങ്ങളുടെ കൂടെ ( 4/586കെട്ടിട നമ്പറിലുള്ള ) 1573.5 ചതുരശ്ര മീറ്റർ തറവിസ്തീർണ്ണമുള്ള ഓഡിറ്റോറിയവും ഉൾപ്പെടുന്നു. സഞ്ചയ സോഫ്റ്റ് വെയർ /അസസ്മെന്റ് രജിസ്റ്റർ പ്രകാരം കെട്ടിടത്തിന്റെ ഉപയോഗക്രമം നികുതി ഉപനികുതി എന്നിവ ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ ഈ കെട്ടിടം വിദ്യാഭ്യാസ ആവശ്യത്തിനല്ലാതെ മറ്റ് ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനാൽ ഈ കെട്ടിടത്തിനെ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയതിന്റെ

കാരണം വിശദീകരിക്കുന്നതിനായി നൽകിയ എൻക്വയറിക്ക് (നം. 19/15.11.2018) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ മേൽ കെട്ടിടത്തിന്റെ വസ്തു നികുതി പുനർ നിർണ്ണയിച്ച് തുക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. സമാന രീതിയിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങളുടെ ഓഡിറ്റോറിയങ്ങളുടെയും വസ്തുനികുതി പുനർ നിർണ്ണയിച്ച് നികുതി ഈടാക്കുന്നതിനായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | ഈടാക്കാത്തത് | അർദ്ധ വർഷം |
|---|---|---|---|
| 1 | ഗാർഡിയൻ പബ്ലിക്ക് സ്കൂൾ, വടവുകോട് പി.ഒ | ജീവനക്കാരുടെ തൊഴിൽ നികുതി | 1, 2 |
| 2 | ഏഴിപ്രം ക്ഷീരോല്പാദക സഹകരണ സംഘം | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി | 1, 2 |
| 3 | പഴന്തോട്ടം ക്ഷീരോല്പാദക സഹകരണ സംഘം | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി | 1, 2 |
| 4 | പട്ടിമറ്റം ക്ഷീരോല്പാദക സഹകരണ സംഘം | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി | 1, 2 |
| 5 | ഐക്കരനാട് ക്ഷീരോല്പാദക സഹകരണ സംഘം | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി | 1, 2 |
| 6 | പാങ്കോട് ക്ഷീരോല്പാദക സഹകരണ സംഘം | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി | 1, 2 |
| 7 | കടയിരിപ്പ് ക്ഷീരോല്പാദക സഹകരണ സംഘം | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി | 1, 2 |
| 8 | കടമറ്റം ക്ഷീരോല്പാദക സഹകരണ സംഘം | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി | 1, 2 |

തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.9/13.11.18) മറുപടി ലഭിച്ചിട്ടില്ല. മേൽ സ്ഥാപനങ്ങളുടെയും അവയിലെ ജീവനക്കാരുടെയും തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മഴക്കാല പൂർവ ശുചീകരണം- ചെലവ് രേഖകൾ ഹാജരാക്കുന്നത് സംബന്ധിച്ച്

പഞ്ചായത്തിലെ 14 വാർഡുകളിലേക്കും മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിലേക്കായി വാർഡൊന്നിന് 10000/- രൂപ വീതം ആകെ 140000/- രൂപ തനത്ഫണ്ടിൽ നിന്നും (വൗച്ചർ.നം - 21700276 തീയതി-10.7.17) മെഡിക്കൽ ഓഫീസർ സി.എച്ച്.സി ക്ക് നൽകി ചെലവഴിച്ചിട്ടുണ്ട്. വാർഡ് തലത്തിലുള്ള ആരോഗ്യ ശുചിത്വ കമ്മിറ്റികൾ ഹാജരാക്കിയ ചെലവ് കണക്കുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന വാർഡുകളിലെ രേഖകൾ പൂർണമല്ലായെന്ന് കാണുന്നു.വിശദാംശങ്ങൾ താഴെപ്പറയുന്നു.

| ക്രമ.നം | വാർഡ് നം. | ചെയ്ത പ്രവൃത്തി | അപാകത |
|---|---|---|---|
| 1 | 14 | പൊതു കിണർ റിപ്പയർ, ശുചിയാക്കൽ | തുക (10000/-) കൈപ്പറ്റിയതായുള്ള കൺവീനറുടെ രസീത് മാത്രം ഹാജരാക്കി. ചെലവ് രേഖകൾ ഇല്ല. |
| 2 | 1 | പൊതു കിണർ റിപ്പയർ, ശുചിയാക്കൽ | തുക (10000/-) കൈപ്പറ്റിയതായുള്ള കൺവീനറുടെ രസീത് മാത്രം ഹാജരാക്കി. ചെലവ് രേഖകൾ ഇല്ല. |
| 3 | 2 | മാലിന്യനിർമാർജനം | 400/-രൂപയുടെവൗച്ചർ സൂക്ഷിച്ചിട്ടുണ്ട്. ബാക്കി 9600/- രൂപയുടെ ചെലവ് രേഖകൾ ഇല്ല |

ഈ പ്രവൃത്തിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട രേഖകൾ എൻക്വയറി മുഖേന (നം -16/14.11.18) ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയില്ല. പ്രവൃത്തികളിൽ ഉപയോഗിച്ച മെഷീനുകളുടെ /വാഹനങ്ങളുടെ വാടക രസീത്, തുക കൈപ്പറ്റിയതായുള്ള തൊഴിലാളികളുടെ വൗച്ചർ എന്നിവ പരിശോധനക്കായി ഹാജരാക്കേണ്ടതാണ്. പ്രവൃത്തികൾ നടപ്പിലാക്കിയതിന്റെ തുകകൾ നൽകുന്നത് കൃത്യമായ രേഖകളുടെ അടിസ്ഥാനത്തിലാണെന്ന് നിർവഹണോദ്യോഗസ്ഥൻ ഉറപ്പ് വരുത്തേണ്ടതാണ്.

## 3-2 എസ്.സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ –ക്വട്ടേഷൻ അംഗീകരിച്ചതിൽ അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ /പേര് | SO 205/18, എസ്.സി വിദ്യാർത്ഥി കൾക്ക് മേശ, കസേര |
| അടങ്കൽ | 300000/- (202725/- എസ്.സി.പി ഫണ്ട്) (13350/- തനത് ഫണ്ട്) |
| ചെലവ് | 202725/- |
| | ബിൽ.നം-10/17-18 തീയതി-17.3.18 തുക 191250/- |

| | |
|---|---|
| | ബിൽ.നം -11/17-18 തീയതി-23.3.18, തുക -11475/- |

പാങ്ങോട് ഗവ.എൽ.പി സ്കൂൾ ഹെഡ്മിസ്ട്രസ് നിർവഹണോദ്യോഗസ്ഥയായി 2017-18വർഷം നടപ്പാക്കിയ മേൽ പ്രോജക്ടിൻ കീഴിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 53 വിദ്യാർത്ഥികൾക്ക് മേശയും കസേരയും (സ്റ്റീലിന്റെ ഒന്ന വീതം) വാങ്ങി നൽകുന്നതിലേക്ക് 202725/- രൂപ എസ്.സി.പി. ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. മേൽ പദ്ധതി നടത്തിപ്പിലെ അപാകത താഴെപ്പറയുന്നു.

ഫർണിച്ചർ വാങ്ങുന്നതിലേക്ക് ക്വട്ടേഷൻ ക്ഷണിച്ചതിൽ (നം -A3/1910/17, തീ -26.10.17) നാല് സ്ഥാപനങ്ങൾ പങ്കെടുക്കുകയും അതിൽ കുറഞ്ഞ റേറ്റ് ക്വോട്ട് ചെയ്ത Jay Kay Furniture കോലഞ്ചേരി എന്ന സ്ഥാപനത്തെ ഒഴിവാക്കി എറണാകുളം ഡിസ്ട്രിക്ട് ഹോൾസെയിൽ കോ ഓപ്പറേറ്റീവ് കൺസ്യൂമർ സ്റ്റോർ ലിമിറ്റഡിന് (EDWCCS) കരാർ നൽകുകയും ചെയ്തു. ടി സ്ഥാപനങ്ങൾ ക്വോട്ട് ചെയ്ത നിരക്കുകൾ ഇപ്രകാരമാണ്.

| സ്ഥാപനം | മേശ | കസേര |
|---|---|---|
| EDWCCS | 2475 | 1350 |
| JayKay Furniture | 2080 | 1140 |

വിലയൽപ്പം കൂടുതലാണെങ്കിലും ക്വാളിറ്റിയുടെ അടിസ്ഥാനത്തിൽ EDWCCS നെ കരാർ ഏൽപ്പിക്കാമെന്ന പ്രോക്യൂർമെന്റ് കമ്മിറ്റിയുടെ (18.11.17ലെ 6ാം നമ്പർ തീരുമാനം ) തീരുമാനത്തിൻ പ്രകാരമാണ് ടി സ്ഥാപനത്തിൽ നിന്നും വാങ്ങിയത്. കമ്മറ്റി സാധനങ്ങളുടെ ഗുണനിലവാരം നേരിൽ കണ്ട് ബോദ്ധ്യപ്പെട്ടിട്ടുണ്ടെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇക്കാര്യങ്ങളാണ് വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-4/8.11.18) മറുപടിയായി നിർവഹണോദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്.ആയത് അംഗീകരിക്കുന്നു. എങ്കിലും വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച ക്വട്ടേഷൻ നിരക്കുകളിൽ സാരമായ അന്തരം നിലനിൽക്കുന്നുവെങ്കിൽ അവർ വിതരണം ചെയ്യുന്ന ഫർണിച്ചറുകളുടെ ഗുണനിലവാരം ആധികാരികമായിത്തന്നെ നിർണയിക്കേണ്ടതുണ്ട്. അപ്രകാരമൊരു ആധികാരികത ഈ വാങ്ങലിൽ ഉറപ്പ് വരുത്തുവാൻ കഴിഞ്ഞിട്ടില്ലായെന്ന് കാണുന്നു. ഭാവിയിലെ വാങ്ങലുകളിൽ ഇത്തരം അപാകതയുണ്ടാവാതെ ശ്രദ്ധിക്കേണ്ടതും വാങ്ങുന്ന ഫർണിച്ചറുകളുടെ ഗുണനിലവാരം കാര്യക്ഷമതയുള്ള ഉദ്യോഗസ്ഥന്റെയോ /ഏജൻസിയുടേയോ സഹായത്താൽ ക്ഷമതയോടെ നിർണയിക്കേണ്ടതുമാണ്.

## 3-3 മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവഹണം നടത്തിയ പ്രോജക്ടുകൾ-അപാകത

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവഹണം നടത്തിയ പ്രോജക്ടുകളിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം | പ്രോജക്ട് നം പേര് | അടങ്കൽ | ചെലവ് (5,00,000/-) | അപാകത |
|---|---|---|---|---|
| 1 | S000 2/18 പാലിയേറ്റീവ് | 500000/- വികസന | 1) 101477/- ബിൽ.നം- | (എ) |

| | | | | |
|---|---|---|---|---|
| | | | 1/17-18, തീ. 27.9.17<br>2) 133192/- ബിൽ.നം- 2/17-18, തീ. 16.1.18<br>3).189139/- ബിൽ.നം- 3/17-18, തീ. 16.3.18<br>4)76192/- ബിൽ.നം- 4/17-18, തീ. 23.3.18 | ക്ര.നം 3 ൽ പെട്ടത്തി (189139/- ബിൽ.നം- 3/17-18, 16.3.18) 90000/- രൂപ മരുന്നുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിലേക്ക് KMSCL ന് നൽകി ചെലവഴിച്ചിട്ടുണ്ട്. ആയത് ഇതുവരെ ലഭ്യമായിട്ടില്ല. മരുന്നുകൾക്ക് ഓർഡർ നൽകി അത് ലഭിക്കുന്നതിനുള്ള കാലതാമസം മൂലം മരുന്ന് വിതരണം മുടങ്ങാതിരിക്കുവാൻ മരുന്നുകളുടെ ആവശ്യകതയും സൂക്ഷിപ്പ് കാലാവധിയും പരിഗണിച്ച് മൂന്നോ നാലോ മാസത്തേക്കുള്ള മരുന്നുകൾ എപ്പോഴും സ്റ്റോക്കിൽ സൂക്ഷിക്കേണ്ടതാണ്.അതിനാവശ്യമായ രീതിയിൽ മരുന്ന് വാങ്ങുന്നതിനുള്ള തുക അതാത് വർഷത്തെ പ്രൊജക്ടിൽ ഉൾപ്പെടുത്താവുന്നതുമാണ്.(മാർഗ്ഗ രേഖ - ഖണ്ഡിക 2.6.7-2) |
| | കെയർ | ഫണ്ട് | | (ബി)<br>ക്രമ.നം 4 ൽ പെട്ടത്തി (76192/- ബിൽ.നം- 4/17-18, 23.3.18) 19550/- രൂപ സി.എച്ച്.സി യിലേക്ക് ഫർണിച്ചർ വാങ്ങുന്നതിനായി city furniture mart & bed centre എന്ന സ്ഥാപനത്തിന് നൽകി ചെലവഴിച്ചിട്ടുണ്ട്. പാലിയേറ്റീവ് പരിചരണ പ്രോജക്ടിന്റെ നടത്തിപ്പിനായി അത്യാവശ്യ കാര്യങ്ങൾക്ക് മിതവ്യയം പാലിച്ച് തനത് / വികസന ഫണ്ട് വിനിയോഗിക്കുവാൻ ശ്രദ്ധിക്കണമെന്ന് മാർഗരേഖ ഖണ്ഡിക 2.7.1 ൽ നിഷ്കർഷിക്കുന്നുണ്ട്. പാലിയേറ്റീവ് പ്രോജക്ടിൽ പെടുത്തി ഇപ്രകാരം വാങ്ങലുകൾ നടത്തുന്നത് ഭാവിയിൽ ഒഴിവാക്കേണ്ടതാണ്. |
| | | | | (സി)<br>പാലിയേറ്റീവ് കെയർ മാർഗ്ഗരേഖ (GO Rt 3217/15,29.10.15) ഖണ്ഡിക 2.3 പ്രകാരം പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തനം വിലയിരുത്തേണ്ടതും അടുത്ത രണ്ട് മാസത്തേക്കുള്ള പ്രവർത്തന രൂപരേഖ (ഗൃഹ സന്ദർശന ഷെഡ്യൂൾ) തയ്യാറാക്കി അംഗീകരി ക്കേണ്ടതുമാണ്. എന്നാൽ മിനിട്സ് ബുക്ക് പരിശോധിച്ചതിൽ 2017-18 വർഷം 3 പ്രാവശ്യം മാത്രമേ (24.5.17, 28.12.17, 16.3.18 ) യോഗം കൂടിയതായി കാണുന്നുള്ളു.ചട്ടപ്രകാരം കമ്മിറ്റി കൂടി പാലിയേറ്റീവ് പ്രവർത്തനം വിലയിരുത്തേണ്ടതാണ്. |
| 2 | SO 214/18 കാൻസർ ജീവിത ശൈലി | 150000/- തനത് ഫണ്ട് | 62554/- che.no- 2306841/ 1.1.18 | 5000/-രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ച് നിർവഹണോദ്യോഗസ്ഥയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ |

<table>
<tr><td rowspan="3"></td><td rowspan="3">രോഗ നിർണയ ക്യാമ്പ്.</td><td rowspan="3"></td><td></td><td rowspan="3">ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ ചെലവ് ചെയ്തിട്ടില്ലായെന്ന് കാണുന്നു. ക്യാമ്പിനോടനുബന്ധിച്ച് രക്തസാമ്പിളുകൾ ശേഖരിച്ചിരുന്നുവെന്നും ആയതിന്റെ പരിശോധനഫലം ലഭ്യമാവുമ്പോൾ കാലതാമസമുണ്ടാകുമെന്നതിനാലും 31.03.18 -ന് ശേഷം പദ്ധതി തുക ലാപ്സാകുമെന്നതിനാലുമാണ് അപ്രകാരം ചെയ്തതെന്ന് മെഡിക്കൽഓഫീസർ എൻക്വയറിക്ക് മറുപടിയിൽ (നം-16/14.11.18 ) വിശദീകരിച്ചിട്ടുണ്ട്. ഉദ്ദേശ്യം നടപടിയെ സാധൂകരിക്കുന്നതാണെങ്കിലും ഇപ്രകാരം മുൻകൂറായി പണം പിൻവലിക്കാതിരിക്കുവാൻ പരമാവധി ശ്രദ്ധിക്കേണ്ടതാണ്.</td></tr>
<tr><td>15080/-<br>che.no-<br>2306852/<br>4.2.18</td></tr>
<tr><td>5000/-<br>che.no-<br>2306864/<br>27.3.18</td></tr>
</table>

## 3-4 വക്കീൽ ഫീസിൽ നിന്നും ആദായനികുതി കുറവ് ചെയ്തില്ല

പഞ്ചായത്തിന്റെ വിവിധ കേസുകൾ കൈകാര്യം ചെയ്യുന്നതിലേക്ക് അഡ്വക്കേറ്റ് ശ്രീ കെ.എസ്. അരുൺ കുമാറിന് വക്കീൽ ഫീസിനത്തിൽ 55000/-രൂപ തനത് ഫണ്ടിൽ നിന്നും നൽകി ചെലവഴിച്ചിട്ടുണ്ട്. ആദായനികുതി നിയമം സെക്ഷൻ 194 J പ്രകാരം പ്രതിവർഷം പ്രൊഫഷണൽ / ടെക്നിക്കൽ ചാർജിനത്തിൽ 30000/- രൂപയിൽ അധികരിക്കുന്ന വരുമാനത്തിൻ മേൽ 10% ആദായ നികുതി (ടി.ഡി.എസ്.) കുറവ് ചെയ്യേണ്ടതാണ്. ഇപ്രകാരം ആദായനികുതി (5500/-) കുറവ് ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. (എൻക്വയറി 15/14.11.18) കേസുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. സൂചിത തുക ആദായനികുതി വകുപ്പിലേയ്ക്കടവാക്കി വിവരമറിയിക്കേണ്ടതാണ്.

<table>
<tr><th>ക്രമ.നം</th><th>തുക</th><th>വൗച്ചർ നം, തീയതി</th><th>റിമാർക്സ്</th></tr>
<tr><td>1</td><td>15000/-</td><td>21700680/11.12.17</td><td>WP(C)2646/17</td></tr>
<tr><td rowspan="4">2</td><td rowspan="4">40000/-</td><td rowspan="4">21701099/16.3.18</td><td>WP(C)8860/17</td></tr>
<tr><td>WP(C)37908/17</td></tr>
<tr><td>WP(C)37854/17</td></tr>
<tr><td>WP(C)37870/17</td></tr>
</table>

## 3-5 ഇന്ദ്രാൻ ചിറ ടൂറിസം പദ്ധതി

ഐക്കരനാട് പഞ്ചായത്തിൽ നാലാം വാർഡിൽ സ്ഥിതി ചെയ്യുന്നതും ഏതാണ്ട് ആറര ഏക്കറിൽ വ്യാപിച്ചു കിടക്കുന്നതുമായ ജലസ്രോതസാണ് ഇന്ദ്രാൻചിറ. സർക്കാരിൽ നിന്നും ഭരണാനുമതി ലഭിച്ചതിന്റെ (G.O.(Rt)7837/12 /TSM/19.9.12) അടിസ്ഥാനത്തിൽ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ (DTPC ) ടൂറിസം പദ്ധതിയിൽപ്പെടുത്തി ടി ചിറയിൽ വികസന പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ഒന്നര ഏക്കറോളം വരുന്ന കരഭൂമിയിൽ നടപ്പാത, കുട്ടികളുടെ പാർക്ക്, ടോയ് ലെറ്റ് എന്നിവയുടെ നിർമാണമുൾപ്പെടെയുള്ള വികസനപ്രവൃത്തികൾ Indran Chira Lake & Leisure Park എന്ന പേരിൽ പൂർത്തീകരിക്കുകയുണ്ടി. തുടർന്ന് ആയതിന്റെ നടത്തിപ്പവകാശം ശ്രീ. ബൈജു എൻ.റ്റി., നെടുങ്കേരിയിൽ ഹൗസ് എന്നയാൾക്ക്

കരാറടിസ്ഥാനത്തിൽ (തീയതി – 5.5.18) മൂന്ന് വർഷത്തേക്ക് (2018 to 2021) നൽകുകയും ചെയ്തു. ബന്ധപ്പെട്ട ഫയൽ പ്രകാരം പദ്ധതിയുമായി ബന്ധപ്പെട്ട് DTPC യുമായി പഞ്ചായത്ത് എഗ്രിമെന്റിലൊന്നും തന്നെ ഏർപ്പെട്ടിട്ടില്ല. വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിക്ക് (നം-9/12.11.18) മറുപടിയായി അപ്രകാരമൊരു കരാർ ഉണ്ടാക്കിയിട്ടില്ലെന്നും നടത്തിപ്പവകാശം കൈമാറിയത് പഞ്ചായത്തിന്റെ അറിവോടെയല്ലെന്നും പൊതുജനങ്ങൾക്കോ പരിസരവാസികൾക്കോ ആക്ഷേപങ്ങളോ ബുദ്ധിമുട്ടുകളോ ഇല്ലാതെ നിലവിൽ പദ്ധതി നടന്നു വരുന്നതായും സെക്രട്ടറി വ്യക്തമാക്കിയിട്ടുണ്ട്. പദ്ധതി പ്രദേശം പഞ്ചായത്തിന്റെ ആസ്തിയായതിനാൽ (ആസ്തി രജിസ്റ്റർ പേജ്.നം- 44, ക്രമ.നം-3) ഭാവിയിൽ ആയത് അന്യാധീനപ്പെടാതിരിക്കാനും അവകാശതർക്കങ്ങൾ ഉണ്ടാകാതിരിക്കാനും DTPC യുമായി കരാറോ ധാരണപത്രമോ ചമക്കുന്നത് ഉചിതമായിരിക്കും. ചിറയിൽ നിന്നും പഞ്ചായത്തിന് നിലവിൽ യാതൊരു വിധ വരുമാനവും ലഭിക്കുന്നില്ല. പഞ്ചായത്തിന് ഈ ചിറയുമായി ബന്ധപ്പെട്ട വരുമാനം ലഭിക്കുന്നതിനുള്ള സാധ്യതകളുണ്ടെങ്കിൽ ആയത് പ്രയോജനപ്പെടുത്തേണ്ടതാണ്.

## 3-6 ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല-തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രൊജക്റ്റിന്റെ നം.,പേര് | എസ് 0001/18, ഐ.കെ.എം -ന് അടയ്ക്കേണ്ട വിഹിതം |
| അടങ്കൽ | 56,365/- രൂപ (വികസനഫണ്ട് സാധാരണവിഹിതം) |
| ചെലവ് | 56,365/- രൂപ |
| ബിൽ നം.,തീയതി,തുക | 4/17-18 , 27.07.17 ; 56,365/- രൂപ |
| നിർവഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

56,365/- രൂപ കൈപ്പറ്റിയതായുള്ള ഐ.കെ.എം എക്സിക്യൂട്ടീവ് ഡയറക്ടറുടെ രസീത് ഉണ്ടെങ്കിലും (രസീത് നം.17341, തീയതി 31.10.17) ധനവിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 56,365/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-7 കരാർ പ്രകാരമുള്ള പേവിംഗ് ടൈൽ ഉപയോഗിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ /പേര് | S 0152/18/ ഗവ. എൽ.പി.സ്കൂൾ കടമറ്റം നടപ്പാത നിർമ്മാണം |
| കരാറുകാരന്റെ പേര് | ശ്രീ. രവി എം.എ (എസ്റ്റിമേറ്റ് നിരക്ക്) |
| അളവു പുസ്തകം | 13/16-17 |
| ചെലവ് | 3797298/ 10.7.2017 തുക – 262271/- |
| അടങ്കൽ | 281844/- |

എസ്റ്റിമേറ്റും കരാറുടമ്പടിയും അനുസരിച്ച് ഈ പ്രൊജക്റ്റിന് 60 mm കനത്തിലുള്ള ഫാക്ടറി മേയ്ഡ് പേവിംഗ് ടൈലാണ് വിരിക്കുന്നത്. 60 mm കനത്തിലുള്ള ഫാക്ടറി മേയ്ഡ് ഇന്റർ

ലോക്കിംഗ് പേവിംഗ് ബ്ലോക്കിന്റെ വിലയാണ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്നത്. അളവു പുസ്തകത്തിൽ 60 mm കനത്തിലുള്ള ഫാക്ടറി മേയ്ഡ് പേവിംഗ് ടൈലാണ് വിരിക്കുന്നത് എന്നാണ് രേഖപ്പെടുത്തിയിരുക്കുന്നത്. അളവു പുസ്തകം ഇനം 2 പ്രകാരം ഈയിനത്തിന് 236929/- (284.20 m2 x 833.67/m2) രൂപ നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ കരാറുകാരൻ പ്രവൃത്തി ചെയ്തത് 55mm കനത്തിലുള്ള പേവിംഗ് ടൈൽ ഉപയോഗിച്ചാണ്. കരാറുകാരൻ ഹാജരാക്കിയ സാമ്പിൾ പരിശോധനക്ക് അയച്ചതിൽ പ്രകാരം ലഭിച്ച റിപ്പോർട്ടിൽ (dept. of civil engineering, Sree Narayana Gurukulam College of Engineering) 55mm കനമാണെന്ന് വ്യക്തമായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരമുള്ള സ്പെസിഫിക്കേഷനിൽ പ്രവൃത്തി ചെയ്യാതെ, ടി നിരക്ക് അനുവദിച്ചതിന്റെ കാരണം വിശദീകരിക്കപ്പെട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയിൽ (12.11.2018) മാർക്കറ്റിൽ 60mm കനത്തിലുള്ള ടൈൽ ലഭിക്കാതിരുന്നതിനാലാണ് 55mm കനത്തിലുള്ള ടൈലുപയോഗിച്ചതെന്ന് വിശദീകരിച്ചിട്ടുണ്ട്. കൂടാതെ ടൈലിന്റെ വില വ്യത്യാസം (11845/- രൂപ) തിരികെ ഒടുക്കാമെന്നും അറിയിച്ചിട്ടുണ്ട്. തുക തിരികെ ഒടുക്കുന്നതിനു വിധേയമായി ഈയിനത്തിന് വേണ്ടി ചെലവഴിച്ച 236929/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-8 അധികം തുക നൽകി - ബാക്കി തുക തിരികെ നൽകിയില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ /പേര് | S 0173/18/ കീരംകുഴി താഴം റോഡ് മെറ്റലിംഗ്, ടാറിംഗ് & സൈഡ് കെട്ട് |
| കൺവീനറുടെ പേര് | ശ്രീ. കെ.കെ. ഗോപിനാഥൻ |
| അളവു പുസ്തകം | നമ്പർ ഇല്ല |
| ചെലവ് (ചെക്ക് നം. / തീയതി) | 1332119/ 18.2.2016 = 1,00,000<br>2306804/ 30.3.2017 = 292149<br>2306805/ 30.3.2017 = 14906<br>2306806/ 30.3.2017 = 5962<br>2306807/ 30.3.2017 = 2984<br>ആകെ = 416001/- |
| അടങ്കൽ | 450000/- |

ഈ പ്രൊജക്ടിന്റെ ആകെ പ്രവൃത്തി മൂല്യവും (ടാക്സുൾപ്പെടെ) ചെലവു തുകയും 321077/- രൂപയാണ്. എന്നാൽ പഞ്ചായത്തിൽ നിന്നും മൊബിലൈസേഷൻ അഡ്വാൻസായി 1,00,000/- രൂപയും ഫൈനൽ ബില്ലിനു വേണ്ടി 316001/- രൂപയും നൽകി ഫൈനൽ ബില്ലിനെക്കാൾ കൂടുതൽ തുകയായ 94924/- രൂപ പഞ്ചായത്തിൽ നിന്നും നിർവ്വഹണോദ്യോഗസ്ഥന് അധികം നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിലുള്ള ട്രഷറി അക്കൗണ്ട് നം. 799011400001931 -ന്റെ 28.9.2017 ന് മുൻപുള്ള പാസ് ബുക്ക് പരിശോധനക്ക് ലഭ്യമാക്കിയില്ല. ആയതിനാൽ അധികം നൽകിയ തുക അക്കൗണ്ടിൽ നിക്കിയിരുപ്പുണ്ടെന്ന് പരിശോധിക്കാൻ കഴിഞ്ഞില്ല. 28.9.2017 അക്കൗണ്ടിൽ 107056/- രൂപ നിക്കിയിരുപ്പുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 8/12.11.2018) മറുപടിയൊന്നും നൽകിയില്ല. ബാക്കി തുക പഞ്ചായത്തിലേക്ക് തിരികെ നൽകാത്തതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്. ട്രഷറി അക്കൗണ്ടിൽ നീക്കിബാക്കി സൂക്ഷിക്കുന്നതിന്റെ കാരണവും വ്യക്തമാക്കേണ്ടതാണ്.

## ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 100000 | ശാരീരികവും മാനസികവുമായി വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 500000 | NH99 കഴനിലത്തിൽ പാടം റോഡ് 2nd റീച്ച് നിർമ്മാണം | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 450000 | ക്ഷീര കർഷ കർക്ക് പാൽ ഇൻസെന്റീവ് | 450000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. / ബിൽ നം | മുൻകൂർ നൽകിയ തുക | ചെലവ ഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | പോസ്റ്റ് ഷിഫ്റ്റിംഗ് | 21700962 & 963/ 9.2.2018 | 44355 | 0 | 44355 |

പ്രവൃത്തി പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2017-18വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| ഇനം | |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 12704187 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 12704187 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 12704187 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ.നം | നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|---|
| 1 | എറണാകുളം ജില്ലാ സഹകരണ ബാങ്ക് 0951143/ 18.8.2014 | 204187 |
| 2 | എറണാകുളം ജില്ലാ സഹകരണ ബാങ്ക് 7385/ 22.3.2018 | 7500000 |
| 3 | എറണാകുളം ജില്ലാ സഹകരണ ബാങ്ക് 7385/ 22.3.2018 | 5000000 |
| | | 12704187 |

പലിശയിനത്തിൽ 515625/- രൂപ വരവ് വന്നത് സ്ഥിര നിക്ഷേപത്തിനൊപ്പം കൂട്ടിയെടുത്തിട്ടില്ല. പകരം തുക തനത് ഫണ്ടിലേക്ക് മുതൽകൂട്ടിയിട്ടുണ്ട്.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ വരവൊന്നുമില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-8 ചാർജ് / സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോ | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയ തുക | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യ ത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീ | തുക | | | ഉൾപ്പെട്ട | ഈടാക്കിയ | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | ഗിക സ്ഥാനം, ഭരണ വകുപ്പ് | യ തി യും | | | തീ യ തി) | തുക | തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | വാർഷിക റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോ ഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടി ഫിക്കറ്റ് | | സ്വയം അടവാക്കി യത്, (സ്ഥലം, തീയതി) | റവന്യൂ റിക്കവറി യിലൂടെ ഈടാ ക്കിയ തുക (തീയതി) | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭ്യ മായ തുക | അവ ശേഷി ക്കുന്ന തുക/ ബാദ്ധ്യ ത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതി യും | തുക | | | ഉൾ പ്പെട്ട തുക | ഈടാ ക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| ഇല്ല | | | | | | | | | | | | |

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 72260099.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 69016911.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5500 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 293294 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ 'ബി' യിലേയും 'സി' യിലേയും തുകയാണ്.)

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | | ഇല്ല | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 56,365 | ശ്രീമതി. ആർ. ബിന്ദു, സെക്രട്ടറി |
| 3-7 | 236929 | ശ്രീ. ടി.എം. ദിനേശ്, അസിസ്റ്റന്റ് എഞ്ചിനീയർ |

| | | |
|---|---|---|
| ആകെ | 293294 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 5500 | ശ്രീമതി. ആർ ബിന്ദു, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ആർ ബിന്ദു, സെക്രട്ടറി | സെക്രട്ടറി, ഐക്കരനാട് ഗ്രാമപഞ്ചായത്ത് | പൂർണ്ണശ്രീ, പുലിയന്നൂർ,പാലാ |
| ശ്രീ.ടി.എം.ദിനേശ്, അസിസ്റ്റന്റ് എഞ്ചിനീയർ | ലഭ്യമാക്കിയില്ല | തുമ്പയിൽ ഹൗസ്, അട്ടൂപറമ്പ്, മൂവാറ്റുപുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവ ശേഷിക്കുന്ന ഖണ്ഡി കകളുടെ എണ്ണം |
|---|---|---|
| 1999-00 | എൽ.എഫ്.ഇ. (പി1) 1105/2001 തീയതി 13.11.2002 | 18 |
| 2000-01 | എൽ.എഫ്.ഇ.(പി1)37/02 തീയതി. 03.04.2003 | 18 |
| 2001-02 | എൽ.എഫ്.ഇ.(പി1)359/05 തീയതി. 13/12/2005 | 3 |
| 2002-03 | എൽ.എഫ്.ഇ.(പി1) 38/05തീയതി. 03/04/2006 | 6 |
| 2003-04 | എൽ.എഫ്.ഇ.(പി1) 731/08 തീയതി. 02/06/08 | 3 |
| 2004-05 | എൽ.എഫ്.ഇ.(പി1) 1051/10 തീയതി.01/02/2011 | 3 |

| | | |
|---|---|---|
| 2005-06 | എൽ.എഫ്.ഇ.(പി1) 1268/09 തീയതി. 07/06/2011 | 7 |
| 2006-07 | എൽ.എഫ്.ഇ.(പി1) 1269/09 തീയതി. 13/02/2012 | 4 |
| 2007-08 | എൽ.എഫ്.ഇ.(പി1) 1391/12 തീയതി. 24/08/2012 | 4 |
| 2008-09 | എൽ.എഫ്.ഇ.(പി1) 1391/12 തീയതി. 24/08/2012 | 1 |
| 2009-10 | എൽ.എഫ്.ഇ.(പി1) 220/14 തീയതി. 05/05/2014 | 12 |
| 2010-11 | എൽ.എഫ്.ഇ.(പി1) 1391/12 തീയതി. 10/09/2012 | 3 |
| 2011-12 | എൽ.എഫ്.ഇ.(പി1)765/16 തീയതി. 24/09/2016 | 3 |
| 2012-13 2013-14 | കെ.എസ്.എ.ഇ.കെ.എം(പി1) 1460/2016 തീയതി. 24/09/2016 | 3 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം(പി1) 1196/2016 തീയതി. 16/07/2016 | 7 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(പി1) 1921/2016 തീയതി. 30/11/2016 | 9 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(പി1) 1501/2017 തീയതി.18.9.2017/ 13.10.17 | 15 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഐക്കരനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

### 2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. വസ്തുനികുതിയുടെ സഞ്ചയ പ്രകാരമുള്ള ഡി.സി.ബി. സ്റ്റേറ്റ്മെന്റ് വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
2. വാടക ഡിമാന്റായി I-3 ഷെഡ്യൂളിൽ ചേർത്തിരിക്കുന്ന തുകയിൽ അരിയർ തുക 4384/- കൂടി ഉൾപ്പെട്ടിരിക്കുന്നു. ഇക്കാരണത്താൽ B-15 ഷെഡ്യൂളിൽ അധിക ബാലൻസ് വന്നിരിക്കുന്നു.

3. ഫിക്സഡ് ഡെപ്പോസിറ്റ് തുകയുടെ പലിശ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.
4. പഞ്ചായത്ത് വാഹനത്തിന്റെ മൂല്യം ഫിക്സഡ് അസറ്റിൽ ചേർത്തിട്ടില്ല. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.
5. റീ വാലിഡേറ്റ് ചെയ്യാത്ത ചെക്കുകൾ stale cheques ആയി അക്കൗണ്ടിൽ ചേർത്തിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ